DESPATCHED On. 24/2/2020

27/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.966(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.18512/എസ്.ഐ.സി–ജി 4/2019)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.തോമസ് ജോർജ്
വേലാംകുഴിയിൽ വീട്
പുതൃക്ക പോസ്റ്റ്
എറണാകുളം– 682 308

} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ കളക്ടറുടെ കാര്യാലയം,
കാക്കനാട് പി.ഒ.,
എറണാകുളം –682030

} എതിർകക്ഷി.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.11.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.11.2019 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 16.11.2019 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 25.01..2020<br>കളക്ടറേറ്റ്,എറണാകുളം<br>സ്പാർക്ക് ഹാൾ |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.തോമസ് ജോർജ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ എതിർകക്ഷി മറുപടി നൽകിയിട്ടില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i) കെ.എൽ.യു ഉത്തരവ് ലഭിക്കുന്നതിനായി എൽ.15/6123/17 നമ്പറായി 27/02/17 തീയതി സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ എന്നും

ii) മേൽപ്പടി അപേക്ഷയിൽ ഉത്തരവിന്റെ പകർപ്പ് ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ടോ എന്നും

iii) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകിയിട്ടുണ്ടോ എന്നും

iv) ഉണ്ടെങ്കിൽ തീയതി ഏതെന്നും

v) ഇല്ലെങ്കിൽ കാരണമെന്താണെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ എതിർകക്ഷി ഓഫീസിലെ L15-6123/2017 -ാം നമ്പറായി കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവിന്റെ 6(2) പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി നൽകിയ അപേക്ഷ സംബന്ധിച്ച വിവരങ്ങളാണ് വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടിരുന്നത് എന്നും ആയതിന്മേൽ 06.11.2019 തീയതി ഹർജിക്കാരന് L17-278957/2019 നമ്പറായി മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ എന്തെങ്കിലും ആക്ഷേപമുന്നയിച്ച് അപ്പീൽ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി വിവരങ്ങൾ നൽകിയിരുന്നില്ലെന്നു കാണുന്നു. 24.07.2019 തീയതിയിലെ അപേക്ഷിയിന്മേൽ

06.11.2019 തീയതി മാത്രമാണ് വിവരങ്ങൾ നൽകിയതെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20 (1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ കുറ്റകരമായ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരന് 06.11.2019 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി,ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 27-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

RIGHT TO
INFORMATION